1986 സെപ്റ്റംബർ വരെ നടന്ന ബലാൽസംഗങ്ങൾ

10. [19] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :
,, കെ. ടി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, എം. കെ. കേശവൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്തൊട്ടാകെ എത്ര ബലാൽസംഗങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ എത്ര ബലാൽസംഗങ്ങളെക്കുറിച്ച് പരാതി കിട്ടി ;

(സി) ഇതിൽ ഹരിജൻ യുവതികൾ ഉൾപ്പെട്ടവ എത്ര ;

(ഡി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ;

(ഇ) രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര പേരെ ശിക്ഷിച്ചു ;

(എഫ്) ബലാൽസംഗം ചെയ്ത് കൊല ചെയ്യപ്പെട്ടവരെത്ര ;

(ജി) കൊല ചെയ്യപ്പെട്ടതിൽ ഹരിജൻ സ്ത്രീകൾ എത്ര ?

ഉത്തരം

(എ) 491.
(ബി) 491.
(സി) 149.
(ഡി) 491.
(ഇ) 71.
(എഫ്) 3.
(ജി) വിവരം ശേഖരിച്ചുവരുന്നു.

ബലാൽസംഗക്കേസുകൾ

11. [20] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, എ .കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മേയ് 24 മുതൽ 1986 സെപ്റ്റംബർ 30 വരെ കേരള സംസ്ഥാനത്തിൽ എത്ര ബലാൽസംഗ കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് ?

ഉത്തരം

(എ) 491 കേസുകൾ.
(ബി) 477 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly